SC1-9974/2023 തീയ്യതി. 12.10.2023

പ്രേഷകൻ

സെക്രട്ടറി

നാദാപുരം ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

ബഹു. ഇന്റേണൽ വിജിലൻസ്

ഓഫീസർ

കോഴിക്കോട്.

സർ

വിഷയം – നാദാപുരം ഗ്രാമപഞ്ചായത്ത്– കെട്ടിട നിർമ്മാണ അനുമതി അപേക്ഷ സംബന്ധിച്ച്

സൂചന – ശ്രീ. സിദ്ദീഖ് കണിയാന്റെവിട എന്നവർ 27.09.2023 തീയ്യതി ഈ ഓഫീസിൽ സമർപ്പിച്ച അപേക്ഷ.

സൂചന (1) പ്രകാരം നാദാപുരം ഗ്രാമപഞ്ചായത്തിലെ പതിനേഴാം വാർഡിൽ താമസാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷ. സമർപ്പിച്ചിരുന്നു. അപേക്ഷകൻ 02.09.2023 തീയ്യതിയിൽ കെട്ടിട നിർമ്മാണ അനുമതി അപേക്ഷ ഫ്രണ്ട് ഓഫീസിൽ സമർപ്പിച്ചിരുന്നു. രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനിൽ നിന്നും അപേക്ഷ ഫീ ഇനത്തിൽ ആയിരം രൂപ (റസീറ്റ് നമ്പർ 1230101817 തീയ്യതി 02.09.2023) ഈടാക്കുകയും ചെയ്തു. ശേഷം ILGMS വഴി ലഭ്യമായ അപേക്ഷ ഡൗൺ ലോഡ് ചെയ്ത് അറ്റാച്ച് ചെയ്യാൻ ആരംഭിച്ചപ്പോൾ 1 എം ബി യിൽ കൂടുതലായി സെറ്റ് ചെയ്തതിനാൽ അറ്റാച്ച് ചെയ്യാൻ സാധ്യമാകാതെ വരികയും പ്രസ്തുത പ്ലാൻ തയ്യാറാക്കിയ ബിൽഡിംഗ് സൂപ്പർവൈസർ ശ്രീ സജീർ എന്നവരെ വിളിക്കുകയും ഫയൽ അയച്ച രീതി ബോധ്യപ്പെടുത്തുകയും ചെയ്തു. എന്നാൽ എല്ലാ പഞ്ചായത്തിൽ ഇങ്ങനെ ആണ് അയക്കുന്നതെന്ന മറുപടിയാണ് ബിൽഡിംഗ് സൂപ്പർവൈസറിൽ നിന്നും ലഭ്യമായിട്ടുള്ളത്.താരതമ്യേന നല്ല തിരക്ക് അനുഭവപ്പെടുന്ന ഈ പഞ്ചായത്തിൽ കൗണ്ടറിലിരുന്ന് പ്ലാൻ സെറ്റ് ചെയ്തെടുക്കാൻ സാധിക്കുമായിരുന്നില്ല. പ്രസ്തു പ്ലാനുകളും രേഖകളും ഈ ഫയൽ ചെയ്തിരുന്നത് 16.08.2023 തീയ്യതിയിലാണ്. ഈ അപേക്ഷ അറ്റാച്ച് ചെയ്യാൻ സാധ്യമല്ലാത്തതിനാൽ 02.09.2023 തീയ്യതി വീണ്ടും ഓൺലൈൻ വഴി അപേക്ഷ അയച്ചുതരികയും അതും അറ്റാച്ച് ചെയ്യാൻ സാധ്യമല്ലാത്തതിനാൽ ഡ്രാഫ്റ്റ് ഇൻവാർഡ് നമ്പർ ക്രിയേറ്റ് ചെയ്യുകയുമുണ്ടായി. ഫ്രണ്ട് ഓഫീസിൽ ജീവനക്കാർ റൊട്ടേഷൻ ആയി ഡ്യൂട്ടി ചെയ്തുവരുന്നതിനാൽ പ്രസ്തുത അപേക്ഷ പൂർണ്ണമായും സെറ്റ് ചെയ്ത് അറ്റാച്ച് ചെയ്യുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. 02.09.2023 തീയ്യിതിയിലെ ഡ്രാഫ്റ്റ് ഇൻവാർഡ് നമ്പറാണ് 9974/2023. 27.09.2023 തീയ്യതി എല്ലാ രേഖകളും സെറ്റ് ചെയ്ത് അറ്റാച്ച് ചെയ്തതിനാലാണ് അപേക്ഷ തീയ്യതി

27.09.2023 എന്ന് വന്നിരിക്കുന്നത്. പൂർണ്ണമായും അറ്റാച്ച് ചെയ്ത ഫയൽ 30.09.2023 തീയ്യതി തന്നെ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുകയും 11.10.2023 തീയ്യതി സ്ഥലപരിശോധനാ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് അംഗീകരിച്ച് സങ്കേതത്തിലും ILGMS ലും ഡിമാന്റ് അംഗീകരിക്കുകയും പെർമിറ്റ് ഫീ ഒടുക്കുന്നതിനുള്ള അറിയിപ്പ് 12.10.2023 തീയ്യതി നൽകുകയും ചെയ്തിട്ടുണ്ട്. അപേക്ഷകൻ മാനുവലായി ഹാജരാക്കിയ അപേക്ഷയിൽ മുഴുവൻ രേഖകളും കൃത്യമായതിനാലാണ് അപേക്ഷകനിൽ നിന്നും അപേക്ഷ ഫീ ഈടാക്കിയത്. പ്രസ്തുത അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ആയത് ഇനി ആവർത്തിക്കാതിരിക്കാനും മുഴുവൻ രേഖകളോടൊപ്പം ഓൺലൈൻ വഴി വന്ന രേഖകളും കൃത്യമാണോയെന്ന് പരിശോധിച്ച ശേഷം മാത്രം അപേക്ഷ ഫ്രണ്ട് ഓഫീസിൽ വാങ്ങിക്കേണ്ടതാണെന്നും ജീവനക്കാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വീഴ്ചകൾ ഇനി ആവർത്തിക്കില്ലായെന്നും ബോധിപ്പിക്കുന്നു

OFFICE OF THE NADAPURAM GRAMA PANCHAYAT
P.O. KALLACHI

വിശ്വസ്തതയോടെ

SECRETARY
NADAPURAM GRAMA PANCHAYATH
P.O. KALLACHI